## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **4068** 25.06.2014-ൽ മറുപടിക്ക്

### സ്വകാര്യ ലാബുകളുടെ പരിശോധന ഫീസ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. കെ. എസ്. സലീഖ : | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് നിലവിൽ രജിസ്ട്രേഷനുള്ള സ്വകാര്യ ലാബുകൾ എത്രയെണ്ണം പ്രവർത്തിക്കുന്നു ; അതിൽ ഈ സർക്കാർ വന്ന ശേഷം എത്രയെണ്ണത്തിന് രജിസ്ട്രേഷൻ നൽകി : ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (എ) സ്വകാര്യ ലാബുകൾക്ക് ലൈസൻസ് നൽകി വരുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.ഇത്തരം സ്ഥാപനങ്ങൾക്ക് ആരോഗ്യ വകുപ്പ് വഴി രജിസ്ട്രേഷൻ നടത്തുന്നില്ല. |
| (ബി) ഇത്തരം ലാബുകളിൽ ലാബ് പരിശോധനകൾക്ക് ഓരോന്നിനും സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസും ഇവർ ഈടാക്കുന്ന ഫീസും തമ്മിൽ വലിയ അന്തരം കാണുന്നതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഈ സർക്കാർ വന്ന ശേഷം ഇത്തരത്തിൽ എത്ര സ്വകാര്യ ലാബുകൾക്കെതിരെ നടപടി എടുത്തു : എപ്രകാരമുള്ള നടപടിയാണ് സ്വീകരിച്ചത് ; വ്യക്തമാക്കുമോ ; | (ബി) സ്വകാര്യ ലാബുകളിൽ ലാബ് പരിശോധനകൾക്ക് ഒരു നിശ്ചിത ഫീസ് സർക്കാർ നിശ്ചയിച്ചിട്ടില്ല. എന്നാൽ ആയതിനുള്ള പരിഹാരമെന്നോണം 'ദി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ ' സർക്കാരിന്റെ സജീവ പരിഗണനയിൽ ഉണ്ട്. നിലവിൽ ആരോഗ്യ വകുപ്പിന് സ്വകാര്യ ലാബുകളുടെ മേൽ നിയന്ത്രണം ഇല്ല. ഈ സാഹചര്യത്തിൽ അമിത ഫീസ് ഈടാക്കുന്ന സ്വകാര്യ ലാബുകൾക്കെതിരെ ആരോഗ്യ വകുപ്പ് നടപടിയെടുത്തിട്ടില്ല. 'ദി ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ് ബിൽ ' -ന്റെ നിയമ നിർമ്മാണം പൂർണ്ണമാവുന്നതോടെ ഇതിനുള്ള പരിഹാരം ഉണ്ടാകുന്നതാണ്. |
| (സി) സംസ്ഥാനത്തെ പല സ്വകാര്യ ലാബുകളിലും ഒരേ ടെസ്റ്റിന് പലവിധത്തിലുള്ള റിസൽട്ട് ആണ് നൽകുന്നത് എന്നുള്ള വസ്തുത പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇത്തരത്തിൽ എത്ര ലാബുകൾക്കെതിരെ നടപടി എടുത്തു എന്നും എന്തു നടപടിയാണ് സ്വീകരിച്ചതെന്നും വ്യക്തമാക്കുമോ ; | (സി) ഇത്തരം അപാകതകൾ സ്വകാര്യ ലാബുകളിൽ സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ ആരോഗ്യ വകുപ്പിന് സ്വകാര്യ ലാബുകളുടെ മേൽ നിയന്ത്രണമില്ലാത്തതിനാൽ ഈ വകുപ്പിൽ നിന്നും അത്തരം സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടില്ല. |

(....2)

| | |
|---|---|
| (ഡി) ഇപ്രകാരം സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള മറ്റ സ്വകാര്യ ലാബുകൾ അമിത ഫീസും, അവശ്യം വേണ്ടുന്ന യോഗ്യതയില്ലാത്ത വരെക്കൊണ്ട് പരിശോധനകൾ നടത്തു ന്നതും തടയുവാൻ, ആരോഗ്യവകുപ്പ് ലാബുകൾ ഇല്ലാത്ത എല്ലാ സർക്കാർ ആശുപത്രികളിലും ലാബുകൾ ഇറക്കുന്ന തിനും യോഗ്യതയുള്ള ജീവനക്കാരെ നിയമിക്കുന്നതിനും നടപടികൾ സ്വീകരി ക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ? | (ഡി) ജനറൽ ആശുപത്രികൾ, ജില്ലാ ആശുപത്രി കൾ, താലൂക്ക് ആശുപത്രികൾ എന്നിവിട ങ്ങളിലും ചില സി.എച്ച്.സി -കളിലും ലാബ് സൗകര്യം ലഭ്യമാണ്. യോഗ്യതയുള്ള ജീവന ക്കാരെയാണ് ഇത്തരം സ്ഥാപനങ്ങളിൽ നിയമിച്ചിട്ടുള്ളത്. |

[signature]
സെക്ഷൻ ഓഫീസർ